Front Cover inner

केरल शाला सिध्दि

KERALA SHAALA SIDDHI

കേരള ശാലാ സിദ്ധി

# വിദ്യാലയഗുണത

## *'പുരോഗതിക്കായി വിലയിരുത്തൽ'*

### വിദ്യാലയ നിലവാര
### മൂല്യനിർണയ
### ചട്ടക്കൂട്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സർവ ശിക്ഷാ അഭിയാൻ
കേരളം



**സർവ ശിക്ഷാ അഭിയാൻ,**
**കേരളം**

# വിദ്യാലയഗുണത

ആദ്യ പ്രസാധനം മാർച്ച് 2017

---

**സർവ ശിക്ഷാ അഭിയാൻ, കേരള**
(എസ്.എസ്.എ. ഭവൻ, നന്ദാവനം പി.ഒ., പാളയം, തിരുവനന്തപുരം - 695 033
ഫോൺ : 0471 2320826, 2320352, ഫാക്സ് : 0471 2320703 ഇ-മെയിൽ. : ssakerala@gmail.com
വെബ്സൈറ്റ് : http:/www.keralassa.org, http:/www.ssamis.com)**ത്തിനുവേണ്ടി**
**ഡോ. എ.പി. കുട്ടിക്കൃഷ്ണൻ** (സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ. കേരളം,
ഫോൺ 0471-2334290, 9447547903 ഇ-മെയിൽ apkmtr@gmail.com)
**അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്**

# ആമുഖം

സ്കൂൾപ്രായത്തിലുള്ള ഏതാണ്ടെല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടി പഠനത്തുടർച്ച ഉറപ്പാക്കുന്ന അവസ്ഥയിലാണ് ഇപ്പോൾ കേരളം. പൊതുസമൂഹത്തിന്റെ നിർലോഭമായ പിന്തുണയോടെയും പങ്കാളിത്തത്തോടെയുമാണ് നാം ഈ നേട്ടം കൈവരിച്ചത്. ദേശീയതലത്തിൽ സ്കൂൾപ്രാപ്യതയും പഠനത്തുടർച്ചയും ഒരു പ്രധാന പ്രശ്നമായി ഇപ്പോഴും നിലനിൽക്കുന്നു. എന്നിരിക്കിലും നാഷണൽ പ്രോഗ്രാം ഓൺ സ്കൂൾ സ്റ്റാൻഡേർഡ് ആന്റ് ഇവാലുവേഷൻ (NPSSE) എന്ന പേരിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത ഉയർത്തുന്നതിനുള്ള ഒരു പരിപാടി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ യുണിവേഴ്സിറ്റി ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ (NUEPA) ആവിഷ്കരിച്ചിട്ടുണ്ട്.

കേരളത്തെ സംബന്ധിച്ച് പ്രധാനം രണ്ടാംതലമുറ പ്രശ്നങ്ങളായ തുല്യതയുടെയും ഗുണതയുടെയും പരിഹരണമാണ്. ക്ലാസ്മുറിയിൽ പഠനം നടത്തുന്ന മുഴുവൻ കുട്ടികളുടെയും സജീവവും സർഗ്ഗാത്മകവുമായ പങ്കാളിത്തം പഠനപ്രവർത്തനങ്ങളിൽ ഉറപ്പാക്കാൻ നമുക്കു കഴിയേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും കഴിവ് തിരിച്ചറിയാനും അത് ഏറ്റവും മികച്ച നിലയിലേയ്ക്ക് ഉയർത്താനും വളർത്താനും നമുക്ക് സാധിക്കണം. അതിന് അനുഗുണമായ തരത്തിൽ എല്ലാ അർഥത്തിലുമുള്ള അവസരതുല്യതയും നീതിയും ഓരോ കുട്ടിക്കും ലഭിക്കുന്നു എന്നും ഉറപ്പാക്കേണ്ടതുണ്ട്. അതികഠിനമായൊരു വെല്ലുവിളിയാണിത്. ക്ലാസ്മുറിയെ ജനാധിപത്യവത്കരിച്ചുകൊണ്ടേ ഈ വെല്ലുവിളിയെ അതിജീവിക്കാൻ നമുക്ക് കഴിയൂ. ഇതു സാധ്യമാണ് എന്ന സൂചന നൽകുന്ന ഒട്ടനവധി അനുഭവങ്ങൾ ഒറ്റയ്ക്കും തെറ്റയ്ക്കും കേരളത്തിലെ ഔപചാരിക ക്ലാസ്സ് മുറികളിൽത്തന്നെ ഉണ്ടായി വന്നിട്ടുണ്ട്. ഇവയെ ക്രോഡീകരിക്കാനും അതിന്റെ സാധ്യത കേരളത്തിലെ മുഴുവൻ ക്ലാസുകളുടെ അനുഭവതലമാക്കി മാറ്റാനും നമുക്കു കഴിയണം. ഒട്ടേറെ പഠനങ്ങളും അന്വേഷണങ്ങളും ഇതിന് അനിവാര്യമാണ്.

കൂടാതെ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ചിട്ടപ്പെടുത്താനും അത് മറികടക്കാനുള്ള പ്രവർത്തനങ്ങൾ ഓരോ സ്ഥാപനത്തിലും പ്രയോഗസാധ്യമാക്കാനും നിലവിലെ അവസ്ഥകളെക്കുറിച്ചുള്ള കൃത്യമായ ധാരണ ഉണ്ടാകണം. ഓരോ സ്കൂളും മികവുമായി ബന്ധപ്പെട്ട ചില പ്രധാന ഘടകങ്ങളിൽ എവിടെ നിൽക്കുന്നു എന്നുള്ളതിന്റെ ക്രോഡീകരണവും അതോടൊപ്പം പ്രധാനമാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വയ്ക്കുന്ന 'പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ'എന്ന ലക്ഷ്യം സാർഥകമാക്കാൻ ഇത്തരമൊരു അവസ്ഥാ ക്രോഡീകരണവും വിവരസഞ്ചയവും അനിവാര്യമാണ്. മാത്രവുമല്ല, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിനും ഗുണമേന്മയെ ലക്ഷ്യം വയ്ക്കുന്ന സമഗ്രവിദ്യാലയ വികസന രേഖ തയ്യാറാക്കാനും ഈ വിവരസഞ്ചയം സഹായകമാകും.

NPSSEയുടെ ഭാഗമായി NUEPA ദേശീയതലത്തിൽ തയ്യാറാക്കിയ വിദ്യാലയ നിലവാര മൂല്യനിർണയചട്ടക്കൂടും (SSEF) ശാലാസിദ്ധി എന്ന പേരിലുള്ള ഉപാധിയും നമ്മുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. അവ ന്യൂപയുടെ വെബ്സൈറ്റിൽ ലഭ്യവുമാണ്. അവയെ അടിസ്ഥാനമാക്കിയാണ് ഈ 'കേരള ശാലാസിദ്ധി-വിദ്യാലയ ഗുണത' എന്ന ടൂൾ തയ്യാറാക്കിയിട്ടുള്ളത്. വിദ്യാലയത്തിന്റെ മുഖ്യമേഖലകളിലെ ഉപഘടകങ്ങൾ വിവരിക്കുമ്പോൾ കേരളത്തിന് പ്രസക്തമായ വിധത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ രേഖയെ പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതു വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാനും വിദ്യാലയങ്ങളെ നിരന്തരമായി മെച്ചപ്പെടുത്താനും നമുക്ക് സാധിക്കണം.

## കോർ ടീം – കേരള ശാലാസിദ്ധി

**ഡോ. എ.പി. കുട്ടിക്കൃഷ്ണൻ,**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.പി.ഒ.,
എസ്.എസ്.എ. കേരളം

**ഡോ. പി.കെ. ജയരാജ്,**
സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, എസ്.പി.ഒ., ,
എസ്.എസ്.എ. കേരളം

**ഡോ. ടി.പി. കലാധരൻ,**
കൺസൾട്ടന്റ്, എസ്.പി.ഒ.,
എസ്.എസ്.എ. കേരളം

**ഡോ. സി. രാമകൃഷ്ണൻ,**
പ്രിൻസിപ്പൽ (റിട്ട.), ഹയർ സെക്കൻഡറി,
വിദ്യാഭ്യാസ വകുപ്പ്.

**ഡോ. പി.വി. പുരുഷോത്തമൻ,**
ജില്ലാ പ്രോജക്ട് ഓഫീസർ,
എസ്.എസ്.എ., കണ്ണൂർ

**ഡോ. എം.വി. ഗംഗാധരൻ,**
ജില്ലാ പ്രോജക്ട് ഓഫീസർ,
എസ്.എസ്.എ., കാസറഗോഡ്

**ഡോ. എൻ.ജെ. ബിനോയ്,**
ജില്ലാ പ്രോജക്ട് ഓഫീസർ,
എസ്.എസ്.എ., തൃശൂർ

**ശ്രീ. ബി. ശ്രീകുമാർ,**
ജില്ലാ പ്രോഗ്രാം ഓഫീസർ,
എസ്.എസ്.എ., തിരുവനന്തപുരം

**ശ്രീ. കെ.ആർ. അശോകൻ,**
ജില്ലാ പ്രോഗ്രാം ഓഫീസർ,
എസ്.എസ്.എ., കണ്ണൂർ

## വിദഗ്ധ സഹായം

**ഡോ. പ്രണതി പാണ്ഡ,**
പ്രൊഫസർ & ഹെഡ്, യൂണിറ്റ് ഓഫ് സ്കൂൾ സ്റ്റാൻഡേർഡ് ആന്റ് ഇവാലേഷൻ (USSE),
NUEPA, ന്യൂഡൽഹി

## ടൈപ്പ്സെറ്റിംഗ് & ലേ ഔട്ട്

**ശ്രീമതി. വത്സലകുമാരി എസ്.,**
എം.ഐ.എസ്. യൂണിറ്റ്, എസ്.പി.ഒ.,
എസ്.എസ്.എ. കേരളം



# സന്ദേശം

ദേശീയതലത്തിൽ ആവിഷ്കരിച്ചിട്ടുള്ള വിദ്യാലയനിലവാര മൂല്യനിർണയ ചട്ടക്കൂട് അടിസ്ഥാനമാക്കി വിദ്യാലയ പ്രവർത്തനങ്ങൾ, നിലവാരം തുടങ്ങിയവ മെച്ചപ്പെടുത്താനുള്ള പരിപാടിക്ക് കേരളം ഒരുങ്ങുകയാണ്. നമ്മൾ ആരംഭിച്ചിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ ഈ നീക്കത്തിന് ഏറെ പ്രാധാന്യമുണ്ട്.

വിദ്യാലയപ്രവർത്തനങ്ങളെയും നിലവാരത്തെയും കുറിച്ച് ധാരണയുള്ള, അതിനെ വിമർശനാത്മകമായി വിശകലനം ചെയ്യാൻ കഴിയുന്ന വിദ്യാഭ്യാസപ്രവർത്തകർക്കു മാത്രമേ വിദ്യാലയത്തിൽ സ്ഥായിയായ മാറ്റം കൊണ്ടുവരാൻ കഴിയുകയുള്ളൂ. അത്തരം വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധം നൽകാനും ഊർജം പകരാനും 'ശാലാസിദ്ധി' വഴി നമുക്ക് കഴിയേണ്ടതുണ്ട്. ദേശീയമായി തയ്യാറാക്കപ്പെട്ട ഈ രേഖയെ നമ്മുടെ സവിശേഷമായ സാഹചര്യങ്ങൾക്കും ആവശ്യത്തിനുമിണങ്ങുന്ന രീതിയിലാക്കി മാറ്റുവാൻ കേരളത്തിലെ സർവ ശിക്ഷാ അഭിയാൻ കാണിച്ചിട്ടുള്ള താല്പര്യം അഭിനന്ദനാർഹമാണ്.

കേരള ശാലാസിദ്ധി – 'വിദ്യാലയഗുണത' എന്ന ഈ രേഖയെ വിദ്യാഭ്യാസ സംവിധാനത്തിന്റെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന നമുക്കേവർക്കും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഡോ. ഉഷ ടൈറ്റസ്
പൊതു വിദ്യാഭ്യാസ സെക്രട്ടറി
കേരളം



# സന്ദേശം

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി അന്തർദേശീയ നിലവാരത്തിലെത്തിക്കുക എന്നത് കേരള സർക്കാർ നടപ്പാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ആ വഴിക്ക് ചിന്തിച്ചാൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന് ഇന്നിന്റെ വെല്ലുവിളികളെ അതിജീവിക്കാനാകുകയുള്ളു എന്ന് വ്യക്തമാണ്. കേരളത്തിന്റെ സാമൂഹികസാഹചര്യങ്ങൾ വിദ്യാഭ്യാസ പ്രവർത്തകരെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്ന ഇടമാണിത്. ഗുണനിലവാരം പരമാവധി ഉയർത്തുക അല്ലെങ്കിൽ നാശത്തിലേയ്ക്ക് കൂപ്പുകുത്തുക എന്ന അവസ്ഥയെ മുഖാമുഖം നിർത്തുന്ന മുനമ്പ്.

ഓരോ വിദ്യാലയവും തങ്ങളുടെ അക്കാദമികനിലവാരം ഉയർത്തുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരാകാനും അതിന് അവശ്യം വേണ്ട ഭൗതിക സാഹചര്യങ്ങൾ പ്രാദേശിക സമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണയോടെ ഒരുക്കാനും പരിശ്രമിച്ചുകൊണ്ട് ആന്തരികവും ജൈവസമാനവുമായ ഒരു വികസനപാത സ്വീകരിക്കേണ്ടിയിരിക്കുന്നു. അതിനു സാധിക്കണമെങ്കിൽ തങ്ങളുടെ ഇന്നത്തെ അവസ്ഥയെ തികഞ്ഞ വസ്തുനിഷ്ഠതയോടെ വിലയിരുത്താനും തനതായ മെച്ചപ്പെടുത്തൽ പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള പ്രാപ്തി വിദ്യാലയങ്ങൾ കൈവരിക്കണം. അതിനു വേണ്ട പിന്തുണയും മാർഗനിർദേശങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ സംവിധാനങ്ങളിൽനിന്ന് അവർക്ക് ലഭ്യമാക്കേണ്ടതുമുണ്ട്.

ഈ സാഹചര്യത്തിലാണ് നാഷണൽ യുണിവേഴ്സിറ്റി ഓഫ് എഡ്യുക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ ആവിഷ്കരിച്ചിട്ടുള്ള സ്കൂൾ നിലവാര മൂല്യനിർണയത്തിനുള്ള ദേശീയ പരിപാടിയും അതിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ടുള്ള വിദ്യാലയ വിലയിരുത്തൽ സാമഗ്രിയും നമുക്ക് പ്രയോജനകരമായിത്തീരുന്നത്. വിദ്യാലയത്തിന്റെ ഗുണതയെ നിർണയിക്കുന്ന ഘടകങ്ങളെയെല്ലാം വിലയിരുത്തി ഉചിതമായ വിദ്യാലയ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ ഈ ചട്ടക്കൂടും സാമഗ്രിയും നമ്മെ സഹായിക്കും. കേരള ശാലാസിദ്ധി – വിദ്യാലയ ഗുണത എന്ന ഈ ആസൂത്രണസഹായിയെ കേരളത്തിന്റെ സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കുമിണങ്ങുന്ന വിധം അനുരൂപമാക്കി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ കേരളത്തിലെ സർവ ശിക്ഷാ അഭിയാന് സന്തോഷമുണ്ട്. ഈ രേഖയെ പരമാവധി പ്രയോജനപ്പെടുത്തി മുന്നേറാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
എസ്.എസ്.എ. കേരളം

# ഉള്ളടക്കം


**1. വിദ്യാലയ നിലവാര മൂല്യനിർണയത്തിനുള്ള ദേശീയ പരിപാടി ........ 11**

1.1. മാർഗനിർദേശക തത്വങ്ങൾ ........ 11

1.2. മുഖ്യ ഉദ്ദേശ്യങ്ങൾ ........ 12

**2. വിദ്യാലയ വിലയിരുത്തലാണ് മാർഗം; വിദ്യാലയ പുരോഗതി ലക്ഷ്യവും ........ 13**

2.1. നിലവാര മൂല്യനിർണയ ചട്ടക്കൂടിന്റെ സവിശേഷതകൾ ........ 13

2.2. നിലവാര മൂല്യനിർണയ ചട്ടക്കൂടിന്റെ ഘടന ........ 14

**3. ഓരോ മുഖ്യമേഖലയുടെയും ഘടന ........ 16**

3.1. മുഖ്യമേഖലയുടെ ഘടന - ഒറ്റ നോട്ടത്തിൽ ........ 20

**4. വിദ്യാലയ മൂല്യനിർണയത്തിന്റെ പൊതു മാർഗനിർദേശങ്ങൾ ........ 21**

**5. വിദ്യാലയ പ്രവർത്തനങ്ങളുടെ മൂല്യനിർണയം പ്രദർശിപ്പിക്കുന്ന 'ഡാഷ്ബോർഡ്' ........ 22**

**6. വെബ്പോർട്ടൽ ........ 23**

**7. വിദ്യാലയത്തിന്റെ സ്വയംവിലയിരുത്തലിനുള്ള വിശദമായ മാർഗനിർദേശങ്ങൾ ........ 25**

**8. ഓരോ മുഖ്യമേഖലയുടെയും സ്വയം വിലയിരുത്തൽ പ്രക്രിയ ........ 27**

8.1. സ്വയം വിലയിരുത്തൽ പ്രക്രിയയ്ക്ക് തുടക്കമിടൽ ........ 27

8.2. വിദഗ്ധമായ തീർപ്പുകല്പിക്കൽ ........ 27

8.3. പ്രതികരണപത്രിക - വിദ്യാലയത്തിന്റെ നില തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ ........ 27

8.4. വിദ്യാലയമൂല്യനിർണ ഡാഷ്ബോർഡ് (ഹാർഡ്കോപ്പി) പൂരിപ്പിക്കൽ ........ 28

8.5. വെബ്പോർട്ടലിൽ വിദ്യാലയ മൂല്യനിർണയ ഡാഷ്ബോർഡ് അപ്‌ലോഡ് ചെയ്യൽ ........ **29**

**9. മുഖ്യമേഖലകളും കാമ്പുമാനദണ്ഡങ്ങളും ........**

**മുഖ്യമേഖല-1**

വിദ്യാലയ വിഭവങ്ങൾ - ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത ........ 31

**മുഖ്യമേഖല-2**

പഠന-ബോധന തന്ത്രങ്ങളും അവയുടെ വിലയിരുത്തലും ........ 61

**മുഖ്യമേഖല-3**

പഠനപുരോഗതി, പഠനനേട്ടം, വികാസം ........ 77

**മുഖ്യമേഖല-4**

അധ്യാപകപ്രവർത്തനങ്ങളും തൊഴിൽവികാസവും മാനേജ് ചെയ്യൽ ........ 93

**മുഖ്യമേഖല-5**

വിദ്യാലയനേതൃത്വവും സ്ഥിതി പരിപാലനവും ........ 111

**മുഖ്യമേഖല-6**

ഉൾപ്പെടുത്തൽ, ആരോഗ്യം, സുരക്ഷ ........ 125

**മുഖ്യമേഖല-7**

സക്രിയ സാമൂഹിക പങ്കാളിത്തം ........ 143